"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - ജീവനക്കാര്യം -സേവനകാലാനുകൂല്യങ്ങൾ ലഭ്യമാക്കൽ -തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷനിലെ പ്യൂൺ ആയിരുന്ന ശ്രീ.ഐ.ഒ.ദേവസി (retd. )-ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത O.A (EKM) No.890/2019- ന്മേലുള്ള 04.12.2023-ലെ വിധിന്യായം നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധാ) നം.1649/2024/LSGD തീയതി,തിരുവനന്തപുരം, 09-09-2024

---

പരാമർശം:-

1. ശ്രീ.ഐ.ഒ.ദേവസി ഫയൽ ചെയ്ത OP 14668/1998 (U) - ന്മേലുള്ള 11.04.2002 ലെ വിധിന്യായം.
2. തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷന്റെ RFA No.591/HC ന്മേലുള്ള 05.07.2012 ലെ വിധിന്യായം
3. കേരള സംസ്ഥാന ആഡിറ്റ് ഡയറക്ടറുടെ 19.01.2017 ലെ KSA 11329/PEN2/2016 നമ്പർ കത്ത്
4. നഗരകാര്യ ഡയറക്ടറുടെ 12-10-2018 4-2090/17-ലെ ഉത്തരവ്
5. ശ്രീ.ഐ.ഒ.ദേവസി ഫയൽ ചെയ്ത O.A (EKM) No.890/2019- ന്മേലുള്ള 04.12.2023-ലെ വിധിന്യായം
6. ശ്രീ.ഐ.ഒ.ദേവസി സമർപ്പിച്ച 15.12.2023 &14/2/24 തീയതിയിലെ നിവേദനങ്ങൾ
7. പ്രിൻസിപ്പൽ ഡയറക്ടറുടെ 13.02.2024 ലെ LSGD/PD/33004/2023-PEN A4 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

തൃശ്ശൂർ കോർപ്പറേഷൻ രൂപീകൃതമാകുന്നതിന് മുമ്പ് നിലവിലുണ്ടായിരുന്ന പഴയ മുനിസിപ്പൽ പ്രദേശത്തുള്ള നെഹ്റു ചിൽഡ്രൻസ് പാർക്കിൽ പാർക്കിനോടനുബന്ധമായി തൃശ്ശൂർ ജില്ലാ കളക്ടറുടെ അധീനതയിലുണ്ടായിരുന്ന ചിൽഡ്രൻസ് ലൈബ്രറിയിൽ കണ്ടിൻജന്റ് തസ്തികയിൽ 1958 മാർച്ച് മുതൽ ജോലിയിൽ പ്രവേശിച്ചിരുന്നതാണെന്നും 1962-ൽ പ്രസ്തുത സ്ഥാപനം നഗരസഭയ്ക്ക് കൈമാറിയപ്പോൾ നഗരസഭാ ജീവനക്കാരനായി ജോലിയിൽ തുടരുകയും 1973-ൽ ടിയാനെ പ്യൂൺ ആയി നിയമിക്കുകയും തുടർന്ന് സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്ന20/09/1978 വരെ പ്രസ്തുത തസ്തികയിൽ തന്നെ സേവനത്തിൽ ഉണ്ടായിരുന്ന ശ്രീ. ഐ .ഓ. ദേവസ്യ 1958 മാർച്ച് മുതൽ ജോലി ചെയ്തിട്ടുള്ളതിനാൽ അപ്രകാരമുള്ള സേവനക്കാലയളവ് കണക്കാക്കി പെൻഷൻ പുനർ നിർണ്ണയം നടത്തി നല്കണമെന്നുള്ള ആവശ്യം ഉന്നയിച്ചുകൊണ്ട് ഏറ്റവും ഒടുവിൽ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത O.A (EKM) No.890/2019- ന്മേലുള്ള പരാമർശം -4 ലെ വിധിന്യായത്തിൽ താഴെ പറയും പ്രകാരം ഉത്തരവായിരുന്നു.

"......... in the circumstances, the applicant would be free to approach the 1st respondent with a representation and the 1st respondent shall consider the claim of the applicant for the remaining claims, after affording an opportunity of hearing to the applicant. In case the applicant submits a representation, along with a copy of this order within a period of one month from today, orders shall be passed within a further period of two months, from the date of its receipt, after affording the applicant an opportunity of hearing. Benefits, if any, found admissible to him shall be disbursed within a further period of two months. The Original Application is allowed as above".

2. ശ്രീ.ഐ.ഒ.ദേവസി പരാമർശം 5 പ്രകാരം നിവേദനം ജഡ്ജ്മെന്റിന്റെ പകർപ്പ് സഹിതം സർക്കാരിൽ സമർപ്പിച്ചിരുന്നു. തുടർന്ന് ടി നിവേദനത്തിൻമേൽ പ്രിൻസിപ്പൽ ഡയറക്ടറുടെ റിപ്പോർട്ട് തേടുകയും അപേക്ഷകന് തദ്ദേശസ്വയംഭരണ വകുപ്പ് അണ്ടർ സെക്രട്ടറി 14-2-2024ന് ഹിയറിംഗ് നടത്തുകയും ചെയ്തിരുന്നു. ശ്രീ.ഐ.ഒ.ദേവസി നേരിട്ട് ഹിയറിങ്ങിനു ഹാജരായില്ല. പകരം ടിയാളുടെ Counsel( Adv.Prathap Abraham Vargese) ഹാജരായിരുന്നു. പ്രിൻസിപ്പൽ ഡയറക്ടറുടെ കാര്യാലയത്തിലെ ഉദ്യോഗസ്ഥരും ഹിയറിങ് സമയത്തു ഹാജരായിരുന്നു.

3. ശ്രീ ദേവസ്സി 20-3-1958 മുതൽ വാച്ച്മാനായി സേവനം തുടങ്ങിയെന്നും തുടർന്ന് തൃശ്ശൂർ നഗരസഭയിൽ പ്യൂൺ തസ്തികയിൽ നിയമിതനായെന്നും ടിയാന് 20-3-1958 മുതൽ 21-10-1962 വരെയുള്ള കണ്ടിജന്റ് തസ്തികയിലെ സർവ്വീസ് കൂടി പരിഗണിച്ച് പെൻഷന് അർഹതയുണ്ടെന്നും ആയതിനാൽ പുനഃപരിശോധിച്ച് ടി വിഷയത്തിൽ ഇടപ്പെട്ട് ഉചിതമായ ഉത്തരവ് പുറപ്പെടുവിക്കണമെന്നും അപേക്ഷിച്ചിരുന്നു. ഹിയറിങ് സമയത്തു ടിയാളുടെ Counsel ബോധിപ്പിച്ചതും ശ്രീ.ഐ.ഒ.ദേവസി സമർപ്പിച്ച നിവേദനത്തിൽ സൂചിപ്പിച്ചിട്ടുള്ള വസ്തുതകൾ തന്നെയാണ്.

4. ഈ വിഷയത്തിന്മേൽ പരാമർശം - 6 പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ തൃശ്ശൂർ കോർപ്പറേഷൻ ലഭ്യമാക്കിയ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിലുള്ള വസ്തുതകൾ ഇപ്രകാരമാണ് :

i. ശ്രീ.ഐ.ഒ.ദേവസ്സി 21.10.1962 ൽ പാർക്ക് വാച്ച്മാൻ ആയി സേവനത്തിൽ പ്രവേശിച്ചതായി സേവന പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നതിനാൽ 20.03.1958 മുതൽ 20.10.1962 വരെയുള്ള കണ്ടിജന്റ് സേവനകാലം സർവ്വീസ് ബുക്കിൽ രേഖപ്പെടുത്താത്തതിനാൽ പെൻഷൻ കണക്കാക്കാൻ കഴിയില്ല എന്ന് കേരള സംസ്ഥാന ഓഡിറ്റിൽ കണ്ടെത്തി. കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടറുടെ 19.01.2017 ലെ കെ.എസ്.എ. 11329/പെൻ2/2016 നമ്പർ വെരിഫിക്കേഷൻ റിപ്പോർട്ട് പ്രകാരം ശ്രീ.ഐ.ഒ.ദേവസ്യയ്ക്ക് പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കുന്നതിന് തൃശ്ശൂർ നഗരസഭാ സെക്രട്ടറിയെ ചുമതലപ്പെടുത്തികൊണ്ട് നഗരകാര്യ ഡയറക്ടറുടെ 08.03.2017 ലെ പി4/2080/2017 പ്രകാരം ഉത്തരവായിട്ടുള്ളതാണ്. 01.09.1978 മുതൽ 30.04.2017 വരെയുള്ള പെൻഷൻ കുടിശ്ശിക 11,21,454/-(പതിനൊന്നു ലക്ഷത്തി ഇരുപ്പത്തിഒന്നായിരത്തി ഇരുന്നൂറ്റി അൻപത്തിനാല് രൂപ ) രൂപയും ഡി.സി.ആർ.ജി ഇനത്തിൽ 2,520/- രൂപയും കൂട്ടി 11,23,974/- (പതിനൊന്നു ലക്ഷത്തി ഇരുപ്പത്തിമൂന്നായിരത്തിതൊള്ളായിരത്തിഎഴുപത്തിനാല് രൂപ) രൂപ അനുവദിച്ച്

നൽകിയിട്ടുള്ളതായും 2017 ഏപ്രിൽ മാസം വരെ 9,71,156/- രൂപ (ഒൻപതു ലക്ഷത്തി എഴുപത്തിഒന്നായിരത്തിഒരുന്നൂറ്റി അൻപത്തിയാറു രൂപ )വിവിധ ഘട്ടങ്ങളിലായി ടിയാന് നൽകിയിട്ടുള്ളതായും തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ബാക്കി തുകയായ 1,50,298/- രൂപ ഡി.സി.ആർ.ജി കുടിശ്ശിക 2,520/- രൂപയും ചേർത്ത് 1,52,818/- രൂപ (ഒരുലക്ഷത്തിഅൻപത്തിരണ്ടായിരത്തിഎണ്ണൂറ്റിപതിനെട്ടു രൂപ) 28.04.2017 ലെ ചെക്ക് പ്രകാരം ടിയാന് നൽകിയിട്ടുള്ളതായും തൃശ്ശൂർ നഗരസഭാ സെക്രട്ടറിയുടെ 17.01.2018 ലെ എ7/8981/2016 നമ്പർ കത്ത് പ്രകാരം അറിയിച്ചിട്ടുള്ളതാണ്. ഫെസ്റ്റിവൽ അലവൻസ് പ്രാബല്യം അതാത് സാമ്പത്തിക വർഷം മാർച്ച് 31 ന് അവസാനിക്കുന്നതിനാൽ പഴയകാല ഉൽസവബത്ത നൽകുവാൻ വ്യവസ്ഥയില്ല എന്നത് സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും 04.02.2017 ലെ കെ.എസ്.എ (ടി.എസ്.സി) 880/2017 നമ്പർ കത്ത് പ്രകാരം അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ആയത് നൽകിയിട്ടില്ലാത്തതാണെന്ന് തൃശ്ശൂർ കോർപ്പറേഷൻ സെക്രട്ടറി അറിയിച്ചിട്ടുണ്ടുള്ളതായും 2017 മെയ് മാസം മുതൽ ടിയാന് പ്രതിമാസ പെൻഷനും തൃശ്ശൂർ നഗരസഭയിൽ നിന്ന് നൽകിവരുന്നതായി തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറി റിപ്പോർട്ട് ചെയ്യുകയുണ്ടായി .

ii. തൃശ്ശൂർ കോർപ്പറേഷൻ രൂപീകൃതമാകുന്നതിന് മുമ്പ് നിലവിലുണ്ടായിരുന്ന പഴയ മുനിസിപ്പൽ പ്രദേശത്തുള്ള നെഹ്റു ചിൽഡ്രൻസ് പാർക്കിൽ പാർക്കിനോടനുബന്ധമായി തൃശ്ശൂർ ജില്ലാ കളക്ടറുടെ അധീനതയിലുണ്ടായിരുന്ന ചിൽഡ്രൻസ് ലൈബ്രറിയിൽ അറ്റൻഡറായി 1958 മാർച്ച് മുതൽ ജോലിയിൽ പ്രവേശിച്ചിരുന്നതാണെന്നും 1962-ൽ പ്രസ്തുത സ്ഥാപനം നഗരസഭയ്ക്ക് കൈമാറിയപ്പോൾ നഗരസഭാ ജീവനക്കാരനായി ജോലിയിൽ തുടരുകയും 1973-ൽ ടിയാനെ പ്യൂൺ ആയി നിയമിക്കുകയും തുടർന്ന് സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്ന 20/09/1978 വരെ പ്രസ്തുത തസ്തികയിൽ തന്നെ ജോലി ചെയ്തിട്ടുള്ളതിനാൽ അപ്രകാരമുള്ള സേവനക്കാലയളവ് കണക്കാക്കി പെൻഷൻ പുനർ നിർണ്ണയം നടത്തി നല്കണമെന്നുള്ള ശ്രീ.ഐ.ഒ.ദേവസ്യയുടെ ആവശ്യം പരിഗണിച്ച് മേൽപ്രകാരം വസ്തുതകൾ പരിശോധിക്കുകയുണ്ടായി.

iii.ഉത്തരവിൽ പ്രതിപാദിച്ച പരാമർശത്തിലെ (1) , (2) , തൃശ്ശൂർ സബ് ജഡ്ജിന്റെ ഒ.എസ്.23/2004 നമ്പർ കേസിൽ 04/09/2008-ന് പുറപ്പെടുവിച്ചിട്ടുള്ള വിധിന്യായം എന്നിവ പ്രകാരം ടിയാന്റെ സേവനം നഗരസഭയ്ക്ക് ലഭ്യമായ 21/10/1962 മുതൽ സേവനത്തിൽ നിന്നും നീക്കം ചെയ്യപ്പെടുന്നതായ 20/09/1978 കൂടിയ കാലയളവ് ആയ 15 വർഷവും 10 മാസവും 29 ദിവസവും ഉൾപ്പെടുന്ന ആകെയുള്ള സേവന കാലയളവ് 16 വർഷമായി നിജപ്പെടുത്തിയിട്ടുള്ളതും ,പരാമർശം 2 ലെ ഉത്തരവനുസരിച്ചും ആയതു പ്രകാരം ടിയാനെ സേവനത്തിൽ നിന്നും നീക്കം ചെയ്തതായ 20/09/1978 തീയതിയുടെ തൊട്ടടുത്ത ദിവസം മുതൽ തന്നെ (21/09/1978 മുതൽ) കക്ഷിയ്ക്ക് പെൻഷൻ കണക്കാക്കുകയും സംസ്ഥാന ഓഡിറ്റ് വിഭാഗത്തിന്റെ പരിശോധനകൾക്കും അംഗീകാരത്തിന് വിധേയമായി പെൻഷനും പെൻഷൻ ആനുകൂല്യങ്ങളും അനുവദിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിരുന്നതും ഇക്കാര്യങ്ങൾ ടിയാന്റെ സേവനപുസ്തകത്തിൽ രേഖപ്പെടുത്തലുകൾ വരുത്തുകയും ചെയ്തിട്ടുണ്ട്. മേൽപരാമർശിച്ച കോടതി വിധികൾ ഇപ്രകാരം പാലിക്കപ്പെട്ടിട്ടുണ്ട് .ടിയാൻ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്തിരുന്ന OA (EKM) 543/14 നമ്പർ കേസിൽ പുറപ്പെടുവിച്ച വിധിന്യായത്തെ തുടർന്ന് ബഹു. നഗരകാര്യ ഡയറക്ടർക്കും തൃശ്ശൂർ

കോർപ്പറേഷൻ സെക്രട്ടറിയെയും ഹർജിക്കാരനെയും നേരിൽ കേട്ടതിനു ശേഷം 19/01/2016-ന് E2/24174/2015 നമ്പറായി വിധിന്യായം തീർപ്പാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിയ്ക്കുകയുണ്ടായി.

iv. 30/06/1969-ൽ ആണ് ടിയാൻ പാർക്ക് വാച്ച്മാൻ ആയി സേവനത്തിൽ പ്രവേശിച്ചിട്ടുള്ളത് . ബഹു.ഹൈക്കോടതിയുടെ RFA No.591/2008-ന്മേലുള്ള 05/07/2012 തീയതിയിലെ ഉത്തരവിൽ പ്രതിപാദിച്ചിട്ടുള്ളതു പ്രകാരം 21/10/1962 മുതൽ സേവനത്തിൽ നിന്നും നീക്കം ചെയ്ത 20/09/1978 വരെയുള്ള 16 yr സേവനകാലയളവ് കണക്കാക്കി പെൻഷനും, മറ്റ് പെൻഷൻ ആനുകൂല്യങ്ങളും അനുവദിച്ച് നല്കണമെന്നത് കണക്കിലെടുത്ത്, ശമ്പള പുനർ നിർണ്ണയം നടത്തിയിട്ടുള്ളതും ഓഡിറ്റ് പരിശോധനക്കും അംഗീകാരത്തിനും ശേഷം, ആയത് പ്രകാരമുള്ള ആനുകൂല്യങ്ങൾ ആയ (21/09/1978 മുതൽ 04/2017 വരെ )പെൻഷൻ കുടിശ്ശിക 11,21,454/- രൂപയും ഡി.സി.ആർ.ജി ഇനത്തിൽ 2520/- രൂപയും ഉൾപ്പെടെ 11,23,974/- രൂപയും അനുവദിച്ച് നൽകിയിട്ടുള്ളതാണ്. ഇക്കാര്യം 12/10/2018 ലെ നഗരകാര്യ ഡയറക്ടറുടെ P4-2080/17 നമ്പർ ഉത്തരവ് നടപടികളിലൂടെ ഉറപ്പ് വരുത്തിയിട്ടുള്ളതാണ്. പിന്നീട് പ്രതിമാസം പെൻഷൻ + ഡിഎ + മെഡിക്കൽ അലവൻസുകൾ കൃത്യതയോട് കൂടി അനുവദിച്ച് വരുന്നുണ്ട് .

v. ടിയാൻ ബഹു. ഹൈക്കോടതി ഉത്തരവിൽ പ്രതിപാദിച്ച തീയതിക്കു മുമ്പുള്ള കണ്ടിജന്റ് സേവന കാലയളവ് (20/03/1958 – 20/10/1962) കൂടി പെൻഷൻ കണക്കാക്കുന്ന യോഗ്യസേവന കാലയളവ് ആയി പരിഗണിച്ച് പെൻഷൻ ആനുകൂല്യങ്ങൾ അനുവദിച്ച് നൽകണമെന്നാണ് ഹർജിയിലൂടെ ആവശ്യപ്പെടുന്നത്. ടി കാലയളവിൽ ജില്ലാ കളക്ടറുടെ നേതൃത്വത്തിലുള്ള സമിതിയുടെ മേൽനോട്ടത്തിലാണ് ടിയാന്റെ വേതനം നല്കിയിരുന്നത് എന്നതിനാൽ തന്നെ ഇതു സംബന്ധിച്ച രേഖകൾ ഓഫീസ് പരിശോധനയിൽ കണ്ടെത്താൻ കഴിഞ്ഞിട്ടില്ലാത്തതാണ്. മുൻകോടതി വിധികളിലും ടി കാലഘട്ടം ചേർക്കാൻ ഉത്തരവായിട്ടില്ല .

vi. ടിയാന്റെ സേവന പുസ്തകത്തിലെ മുൻകാലസേവനവുമായി (20/03/1958 മുതൽ 20/10/1962 വരെ) ബന്ധപ്പെട്ട വിശദാംശങ്ങൾ ഒന്നും തന്നെ രേഖപ്പെടുത്തിയിട്ടില്ലാത്തതിനാലും, ഇതു സംബന്ധിച്ച രേഖകളുടെ അഭാവത്തിലും പെൻഷൻ യോഗ്യമായ സേവനകാലമായി പരിഗണിക്കുവാൻ കഴിയുകയില്ലെന്നും ഓഡിറ്റ് വിഭാഗം നൽകിയ മറുപടി ടിയാനെ രേഖാമൂലം തന്നെ അറിയിച്ചിട്ടുള്ളതുമാണ്.

3. സർക്കാർ ഇക്കാര്യം പ്രിൻസിപ്പൽ ഡയറക്ടറുടെയും തൃശ്ശൂർ കോർപ്പറേഷൻ സെക്രട്ടറിയുടെയും റിപ്പോർട്ടുകളുടെയും ,മുൻകോടതിവിധികൾ പ്രകാരവും പരിശോധിച്ചു. ശ്രീ.ഐ.ഒ.ദേവസ്സി സർക്കാരിലേക്ക് സമർപ്പിച്ചിരിക്കുന്ന ഹർജിയിൽ 20.03.1958 മുതൽ 20.10.1962 വരെയുള്ള കണ്ടിജന്റ് സേവനകാലം പെൻഷൻ ആനുകൂല്യങ്ങൾക്ക് പരിഗണനീയമാണ് എന്ന വാദം ഉന്നയിച്ചിരിക്കുന്നു. ബഹു. ഹൈക്കോടതി ഉത്തരവിൽ പ്രതിപാദിച്ച തീയതിക്കു മുമ്പുള്ള കണ്ടിജന്റ് സേവന കാലയളവാണ് (20/03/1958 – 20/10/1962) പെൻഷൻ കണക്കാക്കുന്ന യോഗ്യസേവന കാലയളവ് ആയി പരിഗണിച്ച് പെൻഷൻ ആനുകൂല്യങ്ങൾ അനുവദിച്ച് നൽകണമെന്ന് ടിയാൻ ആവശ്യപ്പെടുന്നത്. ടി കാലയളവിൽ ജില്ലാ കളക്ടറുടെ നേതൃത്വത്തിലുള്ള സമിതിയുടെ മേൽനോട്ടത്തിലാണ് ടിയാന്റെ വേതനം നല്കിയിരുന്നത് . 20.03.1958 മുതൽ 20.10.1962 വരെയുള്ള കണ്ടിജന്റ് സേവനകാലം സർവ്വീസ് ബുക്കിൽ രേഖപ്പെടുത്താത്തതാണ്. ടി കാലയളവിൽ ജില്ലാ കളക്ടറുടെ

നേതൃത്വത്തിലുള്ള സമിതിയുടെ മേൽനോട്ടത്തിലാണ് ടിയാന്റെ ചിൽഡ്രൻസ് പാർക്കിലെ സേവനവേതനം നല്കിയിരുന്നത് എന്നും ടിയാന്റെ സേവന പുസ്തകത്തിൽ മുൻകാല (20/03/1958 മുതൽ 20/10/1962) സേവനവുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ ഒന്നും തന്നെ രേഖപ്പെടുത്തിയിട്ടില്ലാത്തതിനാലും, ഇതു സംബന്ധിച്ച രേഖകളുടെ അഭാവത്തിലും പെൻഷൻ യോഗ്യമായ സേവനകാലമായി പരിഗണിക്കുവാൻ കഴിയുകയില്ലെന്നും ഓഡിറ്റ് വിഭാഗം കണ്ടെത്തിയതായി മുനിസിപ്പാലിറ്റി സെക്രട്ടറി സർക്കാരിന് റിപ്പോർട്ട് നൽകി.സർവീസ് ക്രമീകരിച്ചതു 30-6-1969 മുതലാണെന്നുള്ള കോടതിയുടെ നിരീക്ഷണവും, judgment in OS 23/2004 dtd 4-9-2008 ഉത്തരവ് പ്രകാരം 1962 to 1978 വരെയുള്ള 16 വർഷത്തിന്റെ സേവന ആനുകൂല്യമായി 11,23,974/രൂപ ,കുടിശ്ശികകൾ നൽകിയതും പരിഗണനീയമാണ് .ജില്ലാ കളക്ടറുടെ നേതൃത്വത്തിലുള്ള സമിതിയുടെ മേൽനോട്ടത്തിൽ നടത്തിയ ക്രമീകരിച്ചിട്ടില്ലാത്തതായ സേവനകാലമായ 1958 -1962 വരെയുള്ള കാലഘട്ടം സേവന പുസ്തകത്തിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതും രേഖകൾ ഇല്ലാത്തതും കോടതി പരിഗണിച്ചിട്ടുള്ള കാലഘട്ടമല്ലാത്തതുമാണ് .

4. മേൽ സാഹചര്യത്തിൽ, പരാമർശം -1, 2 വിധിന്യായം, 04/09/2008-ന് പുറപ്പെടുവിച്ചിട്ടുള്ള വിധിന്യായപ്രകാരം ടിയാന്റെ സേവനം നഗരസഭയ്ക്ക് ലഭ്യമായ 21/10/1962 മുതൽ സേവനത്തിൽ നിന്നും നീക്കം ചെയ്യപ്പെട്ടിട്ടുള്ള 20/09/1978 വരെയുള്ള കാലയളവ് ആയ 15 വർഷവും 10 മാസവും 29 ദിവസവും ഉൾപ്പെടുന്ന ആകെയുള്ള സേവന കാലയളവ് 16 വർഷമായി നിജപ്പെടുത്തിയിട്ടുള്ളതും ആനുകൂല്യം നല്കിയിട്ടുള്ളതും അംഗീകരിച്ചുകൊണ്ടും , ശ്രീ.ഐ.ഒ.ദേവസ്സി സമർപ്പിച്ച നിവേദനത്തിലെ 20.03.1958 മുതൽ 20.10.1962 വരെയുള്ള കണ്ടിജന്റ് സേവനകാലം പെൻഷൻ ആനുകൂല്യങ്ങൾക്ക് പരിഗണിക്കണമെന്ന ആവശ്യം പരിഗണിക്കുവാൻ നിർവാഹമില്ലാത്തതിനാൽ നിരസിച്ചും ,ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത O.A (EKM) No.890/2019- മേലുള്ള 04.12.2023-ലെ വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡിഷണൽ സെക്രട്ടറി

ശ്രീ.ഐ.ഒ.ദേവസി , ഫീൽഡ് വില്ല പി ഓ ചേരുർ ,തൃശ്ശൂർ പിൻ - 680008
പ്രിൻസിപ്പൽ ഡയറക്ടർ, എൽ.എസ്.ജി.ഡി, തിരുവനന്തപുരം
അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം (ആമുഖ കത്ത് സഹിതം)
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് തിരുവനന്തപുരം
സെക്രട്ടറി, തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ
ശ്രീ.ഐ.ഒ.ദേവസ്സി, ഫീൽഡ് വില്ല, പി.ഒ ചേരുർ, തൃശ്ശൂർ - 680 008
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 09-09-2024 12:47:12
സെക്ഷൻ ഓഫീസർ